പതിനാലാം കേരള നിയമസഭ
9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1852 01.02.2018-ൽ മറുപടിയ്ക്ക്

## അരൂർ മത്സ്യവിഭവ മേഖലയിൽ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് : | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഇന്ത്യയിൽ ഏറ്റവും കൂടുതൽ മത്സ്യവിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥലം എന്ന നിലയിൽ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ് അരൂർ മത്സ്യവിഭവ മേഖലയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ധാരാളം മത്സ്യ അനുബന്ധ പീലിംങ്ങ് തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ ഒരു പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് (Common ETP) സ്ഥാപിക്കുമെന്ന് ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടാണ് ഇവിടുത്തെ പരിസ്ഥിതി മലിനീകരണ പ്രശ്നം സംബന്ധിച്ച് താത്കാലിക അനുവാദം നേടി പ്ലാന്റുകൾ പ്രവർത്തിക്കുന്നത് എന്നകാര്യം അറിയാമോ; | (ബി) | അതെ |
| (സി) | ഇ.ടി.പി സ്ഥാപിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡ് അംഗീകരിച്ച് ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായുള്ള എസ്.പി.വി. | (സി) | 30.12.2013 തീയതിയിലെ G.O(Rt) No. 191/2013/Envt പ്രകാരം ആലപ്പുഴ ജില്ലയിലെ ചന്തിരൂർ പുത്തൻതോടിന്റെ മലിനീകരണം |

തയ്യാറാക്കിയ പ്രോജക്റ്റ് നടപ്പാക്കാനായുള്ള അനുവാദവും ഫണ്ടും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കുറയ്ക്കുന്നതിനായി പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിരുന്നു. തുടർന്ന് ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ 3 കോടി രൂപ അനുവദിക്കുകയുമുണ്ടായി . Accept Environment Solution Private Limited (Special Purpose Vehicle) മുഖാന്തരമാണ് പ്രോജക്റ്റ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട അധിക തുക കണ്ടെത്തുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ